# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 476
29-11-2018-ലെ മറുപടിയ്ക്ക്

**സാലറി ചലഞ്ചിൽ പങ്കാളികളായവർ**

| ചോദ്യം<br>ശ്രീ. കെ. സി. ജോസഫ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. അൻവർ സാദത്ത് | മറുപടി<br>ഡോ. ടി. എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| എ) നവകേരള സൃഷ്ടിക്കായി സർക്കാർ ജീവനക്കാരിൽ നിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സാലറി ചലഞ്ച് വഴി ആകെ എത്ര കോടി രൂപ സമാഹരിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമാക്കുമോ; | സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 2200 കോടി രൂപയോളം സമാഹരിക്കുവാൻ ലക്ഷ്യമിട്ടിരുന്നു. |
| ബി) ഇതിൽ എത്ര കോടി രൂപ ഇതിനകം സംഭാവനയായി പിരിച്ചെടുത്തിട്ടുണ്ട്;അറിയിക്കാമോ; | പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ജീവനക്കാരിൽ നിന്നുള്ള സംഭാവന സി.എം.ഡി.ആർ.എഫിനു വേണ്ടി ആരംഭിച്ച ഒരു പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് വരവു വയ്ക്കുന്നത്. പ്രസ്തുത അക്കൗണ്ടിൽ 28.11.2018 വരെ രാവിലെ 10 മണി വരെയുള്ള കണക്കുകൾ പ്രകാരം 488,60,01,029 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്.<br><br>പൊതുമേഖലാ ജീവനക്കാർ, വിവിധ ഗ്രാന്റ് ഇൻ എയ്ഡ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ സംഭാവന ബാങ്ക് അക്കൗണ്ടിലാണ് വരവ് വയ്ക്കുന്നത്. ആയത് ഇതിന് പുറമേയാണ്. |

| | |
|---|---|
| സി) ഗഡുക്കളായി സംഭാവന ചെയ്യുവാനുള്ള ഓപ്ഷൻ തെരെഞ്ഞെടുത്തവർ ബാക്കി ഗഡുക്കൾ കൂടി സംഭാവന ചെയ്യുമ്പോൾ ആകെ എത്ര കോടി രൂപ സാലറി ചലഞ്ച് വഴി ലഭിക്കുമെന്നാണ് കരുതുന്നത്; | നിലവിലെ സാഹചര്യത്തിൽ സാലറിചലഞ്ച് മുഖേന 1400-1500 കോടി രൂപ ലഭിയ്ക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| ഡി)സംസ്ഥാനത്ത് ആകെയുള്ള സർക്കാർ ജീവനക്കാരും അദ്ധ്യാപകരും എത്രയാണ്; അവരിൽ എത്രപേർ സാലറി ചലഞ്ചിൽ പങ്കാളികളായിട്ടുണ്ട്; സാലറി ചലഞ്ചിൽ പങ്കെടുത്ത് ആദ്യ ഗഡു സംഭാവന ചെയ്തശേഷം സാലറി ചലഞ്ചിൽ നിന്ന് പിൻമാറിയവരുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ? | 24.11.2018 ലെ സ്പാർക്കിലെ വിവരം അനുസരിച്ച് 2018 ഒക്ടോബറിൽ ശമ്പളം മാറിയ സംസ്ഥാനത്തെ മൊത്തം സർക്കാർ ജീവനക്കാരിൽ (483733) 277338 പേർ സാലറി ചലഞ്ചിൽ പങ്കെടുത്തു(57.33%).<br><br>സെപ്റ്റംബർ മാസം സ്പാർക്ക് മുഖാന്തിരം ശമ്പളം വാങ്ങിയത് 4,87,602 പേരാണ്. അതിനെ അപേക്ഷിച്ച് 3869 പേർ കുറച്ചാണ് 24.11.2018 വരെ ശമ്പളം വാങ്ങിയിട്ടുള്ളത്.<br><br>ഒക്ടോബർ 2018 ലെ ശമ്പളത്തിൽ സാലറിചലഞ്ചിൽ നിന്നും പിൻമാറിയവരും പുതിയതായി സാലറി ചലഞ്ചിൽ പങ്കുചേർന്നവരുമുണ്ട്. ഇത് സംബന്ധമായ കണക്കുകൾ പൂർണ്ണമായും ക്രോഡീകരിക്കപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ